# പഞ്ചിങ്ങും പൊതു ജനങ്ങളും

സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനായി പഞ്ചിംങ്ങ് ഏർപ്പെടുത്താനുള്ള ഗവൺമെന്റ് തീരുമാനത്തെ എതിർക്കുന്ന ജീവനക്കാരുടെ സംഘടനകളുടെ നടപടി ജനവിരുദ്ധമാണ്. അഴിമതിക്കാരും ഉത്തരവാദിത്വമില്ലാത്തവരുമായ ജീവനക്കാരെ പൊതുജനങ്ങൾ പഞ്ചിങ്ങ് (Punching) നടത്തേണ്ടി വരുമെന്ന് തോന്നുന്നു.

സർക്കാർ ഓഫീസുകളിൽ പ്രവർത്തി സമയം 9 മണി ആക്കി വർദ്ധിപ്പിക്കണം. പെതു അവധിദിനങ്ങൾ വർഷത്തിൽ 8 ആയി കുറയ്ക്കണം. ശമ്പളത്തോടുകൂടിയുള്ള അവധി ദിനങ്ങൾ ഒരു വർഷത്തിൽ 12 ആയി നിജപ്പെടുത്തണം.

ഗവൺമെന്റ് ജീവനക്കാർക്ക് ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് നിർബന്ധമാക്കണം. ജീവനക്കാരന്റെ പേരും, തസ്തികയും, നമ്പരും മറ്റു വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തിയ ഈ കാർഡ് ഓരോ ജീവനക്കാരനും പ്രവൃത്തി സമയത്ത് കർശനമായി ധരിച്ചിരിക്കണം. പൊതുജനങ്ങൾക്ക് കാണത്തക്കവിധം ഹാജരുള്ള ജീവനക്കാരുടെയും അവധിയിലുള്ള ജീവനക്കാരുടെയും പട്ടിക ഓരോ ഓഫീസിലും നോട്ടീസ് ബോർഡിൽ ഓരോ ദിവസവും പതിക്കണം.

പൊതുജനങ്ങൾക്ക് സഹായകരമായ മാർഗ്ഗ നിർദ്ദേശം നല്കുന്ന ബോർഡുകൾ ഓഫീസുകളിൽ പ്രധാന സ്ഥലത്ത് പ്രദർശിപ്പിക്കണം. സുപ്രധാനമായ ചട്ടങ്ങളും നടപടിക്രമങ്ങളും ലളിതമായ ഭാഷയിൽ അവയിൽ പ്രതിപാദിച്ചിരിക്കണം.

ഓരോ ഓഫീസിലെയും നിയമങ്ങളും നടപടിക്രമങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പൂരിപ്പിച്ച ഫോമുകളും അവ (Manual) വിലകൊടുത്ത് വാങ്ങത്തക്ക വിധം പ്രസിദ്ധീകരിച്ച് ഓഫീസുകളിൽ പൊതുജനങ്ങൾക്ക് വില്പനക്ക് നൽകണം.

പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും രേഖപ്പെടുത്താൻ ഒരു രജിസ്റ്റർ ഓരോ ഓഫീസിലും വേണം. മാസത്തിൽ ഒരു നിശ്ചിത ദിവസം മേലധികാരികൾ ഇവ പരിശോധിച്ച് തീർപ്പ് കല്പിക്കണം.

ഓരോ സർക്കാർ ജീവനക്കാരനും ഓരോ സാമ്പത്തിക വർഷത്തിന്റെ അവസാനം സ്വത്തു വിവരം (ആസ്തി ബാധ്യതകൾ) മേലധികാരിക്ക് സമർപ്പിക്കണം.

എന്നിട്ടും കാര്യക്ഷമത വർദ്ധിക്കുന്നില്ലെങ്കിൽ പാക്കിസ്ഥാനിലെപ്പോലെ സർക്കാർ സ്ഥാപനങ്ങൾ സൈന്യത്തിന്റെയോ പോലീസിന്റെയോ മേൽനോട്ടത്തിൽ കൊണ്ടുവരികയും സർക്കാർ ജീവനക്കാർക്ക് വർഷത്തിൽ ഒരുമാസം നിർബന്ധിത സൈനിക സേവനം നടപ്പിലാക്കണം.

കെ. രാധാകൃഷ്ണൻ,